KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 16/02/2020

# വധശ്രമക്കേസിലെ പ്രതികൾ അറസ്റ്റിൽ

ചവറ പോലീസ്റ്റേഷനിലെ വധശ്രമക്കേസിലേയും നരഹത്യാശ്രമക്കേസിലേയും രണ്ട് പ്രതികളെ ചവറ പോലീസ് അറസ്റ്റ് ചെയ്തു. 2017 ൽ ചവറ പോലീസ് സ്റ്റേഷൻ പരിധിയിൽ വടക്കുംഭാഗം ഹരിശ്രീയിൽ ശ്രീഹരിയ്ക്കെതിരെ (20) നടന്ന നരഹത്യാശ്രമക്കേസിലെ ഒന്നാം പ്രതിയായ ചവറ വട്ടവനയിൽ ജെറീഷ് (35), 2019 ൽ വടുതല പടിഞ്ഞാറ്റതിൽ വിനോദിനെതിരെ (30) നടന്ന വധശ്രമക്കേസിലെ പ്രതിയായ പന്മന ചിറ്റൂർ കലാലയത്തിൽ ശ്രീകുമാർ (35) എന്നിവരാണ് അറസ്റ്റിലായത്. അന്വേഷണം നടന്ന് കൊണ്ടിരിക്കുന്ന കേസുകളിൽ പ്രതികൾ ഒളിവിൽ കഴിഞ്ഞുവരികയായിരുന്നു. ചവറ പോലീസ് ഇൻസ്പെക്ടർ നിസാമുദ്ദീൻ, എസ്.ഐ സുഖേഷ്, പോലീസ് ഉദ്യോഗസ്ഥരായ അനു, ശ്രീജിത്ത് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. പ്രതികളെ ഇന്ന് കോടതിയിൽ ഹാജരാക്കും.